LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തിയിട്ടില്ല.

(ബി) നേമത്ത് പുതിയ കോച്ചിംഗ് ടെർമിനൽ റെയിൽവെ പ്രഖ്യാപിച്ചതനുസരിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്.

(സി) പ്രത്യേക വിലയിരുത്തൽ ഒന്നും നടത്തിയിട്ടില്ല എന്നാൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് 2015-16 റെയിൽവെ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല. തീവണ്ടികളുടെ സമയക്രമം നിശ്ചയിക്കുന്നത് റെയിൽവെയാണ്. എന്നിരുന്നാലും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

റെയിൽവേ പദ്ധതികൾ

64 (4055) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികതയെക്കുറിച്ച് പഠനം നടത്താറുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് കാരണം മുന്നോട്ടു പോകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) റെയിൽവെ പദ്ധതികൾ പ്രഖ്യാപിച്ച ശേഷം അതിന്റെ പ്രായോഗികതയെ സംബന്ധിച്ച് അവർ സാധ്യതാപഠനം നടത്തുകയും തുടർന്ന് അനുമതിക്കായി റെയിൽവേ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുവരുന്നു. കേരളത്തിലെ റെയിൽവേ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ പ്രായോഗിക വശങ്ങൾ സംസ്ഥാന സർക്കാരും വിലയിരുത്തുന്നുണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവെയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും കൂടിയാണ് പദ്ധതികളുടെ നടത്തിപ്പ് മന്ദഗതിയിലാകുന്നതെന്ന് കണ്ട് റെയിൽവെ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യമായി ആവശ്യപ്പെട്ടിട്ടുമുണ്ട്.

(ബി) പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിലും വരുന്ന താമസം ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന ഘടകങ്ങളാണ്.